**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** | **19-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ അനുവദിച്ച പട്ടയങ്ങളുടെ കണക്ക് ജില്ലയും വർഷവും തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ അനുവദിച്ച പട്ടയങ്ങളുടെ കണക്ക് ജില്ലയും വർഷവും തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | “ എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് ” എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും, ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നല്കാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്.<br><br>പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമം പൂർത്തിയാക്കി മാത്രമേ പട്ടയം നല്കാൻ സാധിക്കൂ. നിയമത്തിലുള്ള കുരുക്കുകൾ ഒഴിവാക്കുന്നതിനും നിയമത്തിനുള്ളിൽ നിന്ന് കൊണ്ട് പരമാവധി വേഗത്തിൽ പട്ടയം നൽകാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വെയ്ക്കുന്നത്. പട്ടയമിഷന്റെ ഭാഗമായി ഓരോ പ്രദേശത്തെയും ഭൂരഹിതരുടെ എണ്ണം, പതിച്ചു കൊടുക്കാവുന്ന ഭൂമിയുടെ ലഭ്യത, ഭൂമി വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്നിവ കണ്ടെത്തി പരിഹരിക്കുന്നതിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേരുന്നു. ഒരു നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ ജനപ്രതിനിധികളും പട്ടയ അസംബ്ലിയിൽ ഉയർന്നു വരുന്ന വിഷയങ്ങൾ ക്രോഡീകരിച്ച് പ്രത്യേക പ്രത്യേക ഡാഷ് ബോർഡിൽ രേഖപ്പെടുത്തി പരിഹാരം കാണും. പുറമ്പോക്ക് / തരിശു ഭൂമിയിൽ വർഷങ്ങളായി വീടുവച്ചു താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്കു നിയമപ്രകാരം പട്ടയം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തിച്ചു വരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാന തലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു ലാന്റ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാർ തലത്തിൽ പരിശോധിക്കുകയും ചെയ്യുന്നു.<br><br>കൂടാതെ ജില്ലകൾക്ക് നിലവിലുള്ള പട്ടയ അപേക്ഷകളുടെയും പരിഹരിക്കാൻ സാധിക്കുന്ന പട്ടയ പ്രശ്നങ്ങളുടേയും എണ്ണത്തിന് അനുസൃതമായി ടാർഗറ്റ് നിശ്ചയിച്ചു നൽകുകയും അതിന്റെ പുരോഗതി സംസ്ഥാന പട്ടയ മിഷൻ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ കൈയിലുള്ള ഭൂമി സംബന്ധിച്ച പട്ടയമിഷന്റെ കൈമാറ്റവും, വിതരണവും വേഗതയിലാക്കുന്ന Appex ബോഡിയായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷതയിൽ റവന്യൂ - വനം - തദ്ദേശം - നിയമം - ജലവിഭവം - ഇലക്ട്രിസിറ്റി - പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| പട്ടയ വിതരണം സ്റ്റാറ്റസ് | | | | | |
|---|---|---|---|---|---|
| ക്രമ നം. | ജില്ല | 2021-22 | 2022-2023 | 2023-2024 | ആകെ |
| 1 | തിരുവനന്തപുരം | 992 | 1489 | 1091 | 3572 |
| 2 | കൊല്ലം | 1169 | 445 | 170 | 1784 |
| 3 | പത്തനംതിട്ട | 373 | 161 | 117 | 651 |
| 4 | ആലപ്പുഴ | 635 | 408 | 182 | 1225 |
| 5 | കോട്ടയം | 382 | 756 | 1210 | 2348 |
| 6 | ഇടുക്കി | 3671 | 2788 | 4227 | 10686 |
| 7 | എറണാകുളം | 2977 | 1015 | 826 | 4818 |
| 8 | തൃശ്ശൂർ | 11356 | 11221 | 3922 | 26499 |
| 9 | പാലക്കാട് | 7606 | 17879 | 7218 | 32703 |
| 10 | മലപ്പുറം | 10736 | 12000 | 5965 | 28701 |
| 11 | കോഴിക്കോട് | 6738 | 8216 | 2679 | 17633 |
| 12 | വയനാട് | 1733 | 2006 | 422 | 4161 |
| 13 | കണ്ണൂർ | 4221 | 7165 | 2326 | 13712 |
| 14 | കാസർഗോഡ് | 1946 | 1520 | 1144 | 4610 |
| | ആകെ | 54535 | 67069 | 31499 | 153103 |